**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2063** **12-09-2023 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | **സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | പ്രസ്തുത നടപടികൾ മൂലമുണ്ടായ പുരോഗതിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | **പ്രസ്തുത നടപടികൾ മൂലം ന്യൂനപക്ഷങ്ങൾക്ക് ഉണ്ടാകുന്ന പുരോഗതി വിലയിരുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

സംസ്ഥാന ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

I. **<u>സ്കോളർഷിപ്പുകൾ</u>**

1.സി.എ/ സി.എം.എ/സി.എസ് സ്കോളർഷിപ്പ്, 2.യു.ജി.സി/സി.എസ്.ഐ.ആർ-നെറ്റ് കോച്ചിംഗ്, 3.എൻ.റ്റി.എസ്. ഇ കോച്ചിംഗ്, 4.സ്കോളർഷിപ്പ് ഫോർ പിജി ഡിപ്ലോമ ഇൻ ജിഎസ്.ടി. 5.പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്, 6.സിവിൽ സർവ്വീസ് ഫീ-റീഇംബേഴ്സ്മെന്റ്, 7.വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതി, 8. എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്, 9.മദർ തേരേസ സ്കോളർഷിപ്പ്, 10.സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്, 11.ഇബ്രാഹിം സുലൈമാൻസേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്, 12.ഐ.റ്റി.ഐ ഫീ-റീഇംബേഴ്സ്മെന്റ് സ്കീം തുടങ്ങിയ സ്കോളർഷിപ്പുകൾ വകുപ്പ് മുഖേന നൽകിവരുന്നു.

II. ന്യൂനപക്ഷ യുവജനതയ്ക്ക് മത്സര പരീക്ഷകളിൽ പരിശീലനം നൽകുന്നതിനായി 14 ജില്ലകളിലായി 24 പ്രധാന കേന്ദ്രങ്ങളും 32 ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.

III. ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന എസ്.എസ്.എൽ.സി., പ്ലസ് ടു/ വി.എച്ച്.എസ്.ഇ. തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ അഭിരുചിക്ക് അനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനും ഭാവിയിൽ ഉചിതമായ ഉപരിപഠന മേഖലകൾ കണ്ടെത്തുന്നതിനുമുള്ള കരിയർ ഗൈഡൻ പരിശീലനം നടത്തുന്നു.

IV. ന്യൂനപക്ഷ സമുദായത്തിലെ വിവാഹ മോചനങ്ങൾക്കും അസന്തുഷ്ട കുടുംബ ജീവിതത്തിനും പരിഹാരം കാണുന്നതിന് ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള വിവാഹപൂർവ്വ കൗൺസലിംഗ് (Pathway Social Wellness Programme) നടത്തിവരുന്നു.

V. ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട നിർധനരായ വിധവകൾക്കും വിഹാഹബന്ധം വേർപെടുത്തിയവരും ഉപേക്ഷിക്കപ്പെട്ട വനിതകൾക്കുള്ള ഭവന /പുനരുദ്ധാരണ പദ്ധതി നടത്തിവരുന്നു.

VI. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി

VII. പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (പി.എം.ജെ.വി.കെ) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി തുക വിനിയോഗിച്ചു (60:40) നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി.

VIII. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി ലഭിക്കുന്നതിനുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കൽ.

IX. സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വിവിധയിനം വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

X. കേരള മദ്രസ്സ അദ്ധ്യാപകരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹിക്കുവാൻ വേണ്ടി നിലവിൽ മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി ബോർഡ്, പെൻഷൻ പദ്ധതി, വിവാഹ ധനസഹായം, അംഗങ്ങളുടെ കുട്ടികൾക്ക് മെറിറ്റ്അവാർഡ്, ഭവനപദ്ധതി, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം,.മരണാനന്തരസഹായം; മരണാനന്തര ശുശ്രൂഷകൾക്കുള്ള സഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

XI. ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിയ്ക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി രൂപീകരിക്കപ്പെട്ട കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ന്യൂനപക്ഷങ്ങളുടെ വികസനങ്ങളിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, അവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഭരണഘടനയിലും മറ്റ് നിയമങ്ങളിലും ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പരാതികളിൻമേൽ അന്വേഷണം നടത്തുകയും പരിഹാരനടപടികൾ നിർദ്ദേശിക്കുകയും അതു സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്തുവരുന്നു.

**സെക്ഷൻ ഓഫീസർ**